# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.klm.p9/334/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം
3)കാര്യാലയ പകർപ്പ്

നമ്പർ: KSA.klm.p9/334/22 തീയ്യതി: 05/07/2022

# കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യൂറോയ്. കെ. പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 28-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-02-2022 | 28-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജയ് രാജ് | സെക്രട്ടറി | 01-06-2019 | 12-08-2019 |
| ശ്രീമതി.രമ്യ.സി | സെക്രട്ടറി | 13-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. സജീഷ്.എസ് | പ്രസിഡന്റ് | 01-04-2019 | 12-08-2019 |
| ശ്രീമതി സുനിത രാജേഷ് (വൈസ് പ്രസിഡന്റ്, അധിക ചുമതല) | പ്രസിഡന്റ് | 13-08-2019 | 06-09-2019 |
| ശ്രീ. കെ. ബി. സജീവ് | പ്രസിഡന്റ് | 07-09-2019 | 31-03-2020 |
| ശ്രീ. സുദാസ്. ആർ | സെക്രട്ടറി | 01-04-2019 | 31-05-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലത.വി | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സൂര്യ.എസ്.നായർ | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.വേണുഗോപാൽ.ബി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ശ്രീ.ഹനീസ്.എച്ച് | അസി.സർജൻ,സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ.ബിജു.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.എം.ആർ.കൃഷ്ണ | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.അമ്പിളികുമാരി | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ആശിക്.പി.പി | അസി.പ്രോജക്ട് ഓഫീസർ,വെറ്ററിനറി | 01-04-2019 | 31-03-2020 |
| ശ്രീ.ആനന്ദൻ.ജി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 30-04-2019 |
| ശ്രീ.സുനിൽകുമാർ.കെ | പട്ടികജാതി വികസന ഓഫീസർ(ചാർജ്ജ്) | 01-05-2019 | 05-06-2019 |
| ശ്രീ.സിയാദ്.കെ | പട്ടികജാതി വികസന ഓഫീസർ | 06-06-2019 | 02-01-2020 |
| ശ്രീ.പി.ബി.ബാബു | പട്ടികജാതി വികസന ഓഫീസർ | 03-01-2020 | 31-03-2020 |
| ശ്രീ. ജോൺ ഡാനിയേൽ | വ്യവസായ വികസന | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. കുഞ്ഞുമോൻ. ജെ | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്) | 01-06-2019 | 23-06-2019 |
| ശ്രീമതി വീണ. വി | വ്യവസായ വികസന ഓഫീസർ | 24-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 25-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: G.Sajikumar (Audit Officer (HG), On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajina A.S (Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-9 |
| 11 | സ്മാർട്ട് അങ്കണവാടി നിർമ്മാണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി<br>Written By: Sunilkumar.U.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-10 |
| 12 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: G.Sajikumar (Audit Officer (HG), On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-11 |
| 13 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-12 |
| 14 | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ - രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-13 |
| 15 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 19,41,087/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-14 |
| 16 | സഞ്ചരിക്കുന്ന മൃഗാശുപത്രി-മരുന്നു വാങ്ങുന്നതിന് കുറഞ്ഞ ടെണ്ടർ | 1-15 |

| | | |
|---|---|---|
| | പരിഗണിച്ചില്ല- 1,31,701/- രൂപയുടെ നഷ്ടം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | |
| 17 | മുൻകൂർ ക്രമീകരിച്ചില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-16 |
| 18 | ലൈഫ് ഭവനനിർമ്മാണ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സഞ്ചരിക്കുന്ന മൃഗാശുപത്രി-മരുന്ന് വാങ്ങുന്നതിന് കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല- 1,31,701/-രൂപയുടെ നഷ്ടം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-6 |
| 7 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-11 |

| അനുബന്ധം | |
| --- | --- |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രിക-3 |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷ ബജറ്റ് 22.02.2019 തീയതിയിലെ 2(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 23.6.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വികസനഫണ്ട് - ജനറൽ ചെലവ് ACR പ്രകാരമുള്ള വാർഷികധനകാര്യപത്രികയും സുലേഖാ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല. (ACR പ്രകാരം - 3,78,35,970/-, സുലേഖ പ്രകാരം - 3,36,91,834/-, വ്യത്യാസം - 41,44,136/-)

2. വികസനഫണ്ട് - SCP ACR പ്രകാരമുള്ള ചെലവ് വാർഷികധനകാര്യപത്രികയും സുലേഖാ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല. (ACR പ്രകാരം - 1,36,35,217/-, സുലേഖ പ്രകാരം - 1,28,63,846/-)

3. B-11(a)-Capital Work In Progress ആയി ഉൾപ്പെട്ട 4,74,018/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4. RP-5- Sale Of Tender Forms,sale Of Scrap എന്നീ ഇനങ്ങളിലുള്ള വരവുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5. RP-31 320100105, 320100115, 320200399 എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെട്ട 26,472/-, 1,22,882/-, 3,79,736/- എന്നീ വരവുതുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. ജോയിന്റ് വെഞ്ചർ അക്കൌണ്ട്- ബി-17 ഷെഡ്യൂൾ പ്രകാരം 2,63,71,793/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ബി-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി ഉൾപ്പെട്ടിട്ടുള്ളത് 29,369/- രൂപയാണ്.

7. RP-36-Other Liabilities-Beneficiary Committee Conveners Control Account- ഇനത്തിൽ ഉൾപ്പെട്ട ബാധ്യതാ തുക - 97,56,884/- രൂപയുടെയും നീക്കിയിരിപ്പ് തുകയായ 3,70,000/- രൂപയുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

8. വിവിധ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട് ചുവടെക്കൊടുക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

RP36-Other Liabilities-50,000/-

RP34-Contractors Retention-61,087/-

RP3-Rent Of Buildings-13,520/-

B4- Grants,funds&contributions For Specific Purposes-75,711/-

B7-Contractors Retention-78,203/-

9. വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ട അക്കൗണ്ടുകൾ മാസാന്ത്യ-വാരാന്ത്യ റീക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. സംയുക്ത പ്രോജക്ട്-ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

(വാർഷികധനകാര്യപത്രിക പ്രകാരം 1,97,355/- രൂപയാണ്).

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,42,78,880/- രൂപ |
| വരവ് | 6,33,02,502/- രൂപ |
| ആകെ | 11,75,81,382/- രൂപ |
| ചെലവ് | 7,88,36,445/- രൂപ |
| നീക്കിയിരിപ്പ് | 3,87,44,937/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ നിരാകരിച്ച തുക | 1,31,701/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 39,99,329/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | സി.ബി (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 4,94,06,000 | 4,94,06,000 | 3,78,35,970 | 1,15,70,030 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 2,04,24,000 | 2,04,24,000 | 1,36,35,217 | 67,88,783 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 7,32,000 | 7,32,000 | 5,60,000 | 1,72,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 64,52,000 | 64,52,000 | 32,35,277 | 32,16,723 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | | | | |
| സാക്ഷരത | | | | | |
| ദുരിതാശ്വാസനിധി | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)MPLAD | 5,16,887 | 42,83,804 | 48,00,691 | 42,99,244 | 5,01,447 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) IAY/PMAY | 1,05,09,278 | 8,58,718 | 1,13,67,976 | 38,34,390 | 75,33,606 |
| PMKSY | 35,30,317 | 21,09,308 | 56,39,625 | 56,29,937 | 9,688 |

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട മറ്റ് കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഫണ്ടിനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| | ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2019-20 | 124 | 102493973 | 63 | 50662951 | - | 61 | 50.8 |

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2022-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ ചുമതലകൾ രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചുവരുന്നു. നവീകരിച്ച അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെൻറ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് എന്നിവ കൃത്യതയോടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.സ്ഥാപനത്തിലെ സ്റ്റോഴ്സ് ആന്റ് സ്റ്റോക്ക് സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും (Sl.no, Accounting Years, Description Of The Item, Quantity, Bill Date, Vr.No/Dt, Amount(Rs.) Purchased/Sold, Location/Identification, Funded By എന്നിവ) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. കംപ്യൂട്ടർ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക വിവരം, അവയുടെ ലൊക്കേഷൻ എന്നിവ പ്രത്യേകമായി ഇ-രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങൾ കൃത്യതയോടെ പാലിക്കേണ്ടതാണ്.

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ ഇനിയും രൂപപ്പെട്ടിട്ടില്ല. ആയത് വേണ്ടത്ര ഗൗരവത്തോടെ അധികാരികൾ ശ്രദ്ധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വരവുചെലവു രേഖകളുടെ പരിപാലനം – അപാകതകൾ

48544/എബി1/13/ത.സ്വ.ഭ.വ തീയതി 22.04.14 നമ്പർ സർക്കുലർ പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുമ്പോൾ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ദിവസംതോറും Day Book അതാത് ദിവസം തന്നെ പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം. രസീതുകളുടെ കൗണ്ടർഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിൽ എന്നിവയും രസീതും ദിവസക്രമത്തിൽ അടുക്കി കൃത്യമായി സൂക്ഷിക്കണം. ഇത് കൃത്യമായി

ചെയ്യുന്നുണ്ടെന്ന് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് പ്രത്യേക ശ്രദ്ധചെലുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ അതാത് ദിവസംതന്നെ Day Book പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുപോലെ രസീതുകളുടെ കൗണ്ടർ ഫോയിലും റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാംഖ്യ രസീതുകൾ കൃത്യമായി സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തേണ്ടതുമാണ്. പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെയും കാര്യക്ഷമമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വൗച്ചറുകളുടെ ക്രമീകരണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. വൗച്ചറുകളോടൊപ്പം കൂടെ സാംഖ്യ ജനറേറ്റഡ് പേയ്മെൻറ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല . ആയതിനാൽ എല്ലാ ചെലവുകൾക്കും സാംഖ്യ ജനറേറ്റഡ് വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല . ബ്ലോക്ക് പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ദിവസവേതനത്തിന് ജീവനക്കാർക്കാരെ നിയമിച്ച് അവരുടെ ദിവസവേതനം അനുവദിക്കുമ്പോൾ ശമ്പള വൗച്ചറുകൾക്കൊപ്പവും മസ്റ്റർ റോൾ സൂക്ഷിക്കുന്നില്ല .

ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനങ്ങളുടെ മെയിൻറനൻസ് ബ്ലോക്ക് പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറുകളുടെ മെയിൻറനൻസ്, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ എന്നിവ നടത്തുമ്പോൾ അതാത് സെക്ഷൻ, സ്ഥാപനങ്ങളിൽ നിന്നുള്ള സമർപ്പണം, ചെലവ് സാധൂകരിക്കുന്ന അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നില്ല. ചെലവ് സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയത് Hand Written ആയിട്ടുള്ള ബില്ലുകളാണ്. ടാക്സ് ഇൻവോയ്സ് അപൂർവ്വമായി മാത്രമേ സൂക്ഷിക്കുന്നുള്ളൂ. കമ്പ്യൂട്ടറിന്റെ മെയിൻറനൻസിനായി മദർബോർഡ് ഉൾപ്പെടെയുള്ളവ പർച്ചേസ് ചെയ്യുമ്പോഴും മേൽ രീതികളാണ് അവലംബിച്ചിരിക്കുന്നത്. ക്വൊട്ടേഷൻ നടത്തിയിട്ടുള്ള ചെലവുകൾക്കൊപ്പം ക്വൊട്ടേഷന്റെ കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. അതുപോലെതന്നെ ചെലവുകൾക്ക് അഡ്വാൻസായി കൈമാറുന്ന തുക അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല , കൂടാതെ മേൽ തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിച്ച് വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ മൂലം വൗച്ചറുകളുടെ കൃത്യത, സുതാര്യത ബോദ്ധ്യപ്പെട്ടിട്ടില്ല. എല്ലാ ചെലവ് വൗച്ചറുകളിലും ചെലവ് സാധൂകരിക്കുന്ന രേഖകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയും മേലുദ്യോഗസ്ഥരും ശ്രദ്ധചെലുത്തേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.6.21 | 5.7.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.3.21 | 23.7.21 |

1-10 സ്മാർട്ട് അങ്കണവാടി നിർമ്മാണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപ്പഞ്ചായത്തുകളിലെ വിവിധ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികൾ ആയി മാറ്റുന്നതിന് ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പേര്, പ്രോജക്ട് നം | ഗ്രാമപ്പഞ്ചായത്തിന്റെ പേര്, | അടങ്കൽ | ചെലവഴിച്ച | ബിൽ നം |
|---|---|---|---|---|

| | അങ്കണവാടി നം. | തുക (₹) | തുക (₹) | |
|---|---|---|---|---|
| സ്മാർട്ട് അങ്കണവാടികൾ (123) | പട്ടാഴി വടക്കേക്കര ഗ്രാമപ്പഞ്ചായത്ത് അങ്കണവാടി നം – 180 | 1,79,779/- | 1,39,140/- | 01/08.05.19 |
| സ്മാർട്ട് അങ്കണവാടികൾ (124) | പിറവന്തൂർ ഗ്രാമപ്പഞ്ചായത്ത് അങ്കണവാടി നം – 27 | 1,79,779/- | 1,39,140/- | 02/08.05.19 |
| സ്മാർട്ട് അങ്കണവാടികൾ (125) | പട്ടാഴി ഗ്രാമപ്പഞ്ചായത്ത് അങ്കണവാടി നം – 93 | 1,79,779/- | 1,39,140/- | 03/08.05.19 |
| സ്മാർട്ട് അങ്കണവാടികൾ (126) | വിളക്കുടി ഗ്രാമപ്പഞ്ചായത്ത് അങ്കണവാടി നം – 155 | 1,79,779/- | 1,39,140/- | 04/08.05.19 |
| സ്മാർട്ട് അങ്കണവാടികൾ (127) | പിറവന്തൂർ ഗ്രാമപ്പഞ്ചായത്ത് അങ്കണവാടി നം – 19 | 1,79,779/- | 1,39,140/- | 05/08.05.19 |
| സ്മാർട്ട് അങ്കണവാടികൾ (128) | തലവൂർ ഗ്രാമപ്പഞ്ചായത്ത് അങ്കണവാടി നം – 108 | 1,79,779/- | 1,39,140/- | 06/08.05.19 |
| ആകെ | | 10,78,674/- | 8,34,840/- | |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി സ്മാർട്ട് അങ്കണവാടികൾ ആയി മാറ്റുന്നതിനായി ഓരോ അങ്കണവാടിയിലും ചുവടെ പറയും പ്രകാരമുള്ള പ്രവൃത്തികൾ ആർട്ടിസാന് ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ) എന്ന സ്ഥാപനം മുഖേന നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | ഇനം | ചെലവഴിച്ച തുക (₹) |
|---|---|---|
| 1. | കംപ്യൂട്ടർ | 28,969/- |
| 2. | ബേബി പെയിന്റിംഗ് | 33,925/- |
| 3. | ഫാൻ-3 എണ്ണം | 5,399/- |
| 4. | ഓഡിയോ സിസ്റ്റം | 9,983/- |
| 5. | ബേബി ചെയർ &ടേബിൾ- 20 എണ്ണം | 39,978/- |
| 6. | യു.പി.എസ് | 6,313/- |
| 7. | ഇലക്ട്രിഫിക്കേഷൻ | 14,573/- |
| ആകെ | | 1,39,140/- |

"ആർട്ട്കോ" സ്വന്തമായി ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണ്ണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി ആർട്ട്കോയെ അംഗീകരിച്ചുമാണ് സർക്കാർ ഉത്തരവ് (GO(Rt)2092/18/LSGD/ Dtd 01.08.2018) പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ 02.12.2016-ലെ സ.ഉ(സാധാ)നം.3299/2016-ാം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ളവയിൽ കംപ്യൂട്ടർ, ഫാൻ, ഓഡിയോ സിസ്റ്റം, യു.പി.എസ് എന്നിവ "ആർട്ട്കോ" സ്വന്തമായി നിർമ്മിച്ചവയല്ല. 02.12.2016-ലെ മേൽ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായാണ് Artco യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത ചൂണ്ടിക്കാട്ടി നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണക്കുറിപ്പ് (1/23.02.2022) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ത.സ്വ.ഭ.വ. സ്ഥാപനങ്ങളിലെ ഫർണ്ണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി മാത്രമാണ് "ആർട്ട്കോ"യെ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ ബേബി ചെയർ & ടേബിൾ, ബേബി പെയിന്റിംഗ് എന്നിവ ഒഴികെയുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 65,237/-രൂപ.

1-11 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിലും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും 2019-20, സാമ്പത്തിക വർഷങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്, ടി കാലയളവിലും മുൻവർഷങ്ങളിലും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സംബന്ധമായി സർക്കുലർ നം 86/2010/ധനം, തീയതി 24-09-2010 പ്രതിപാദിക്കുന്ന പ്രകാരം നിർദ്ദിഷ്ട പ്രോഫോർമയിൽ തയ്യാറാക്കിയിട്ടുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ രജിസ്റ്റർ സൂക്ഷിച്ചുവരുന്നില്ല. ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിൽ ആകെ എത്ര കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമുണ്ടെന്നോ, ആവശ്യകത കണക്കിലെടുത്താണോ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതെന്നോ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കമ്പ്യൂട്ടറുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് വാർഷിക അറ്റകുറ്റപ്പണിക്കുള്ള (എഎംസി) കരാറിൽ ഏർപ്പെടാതെയുള്ള വാങ്ങലുകളും അപാകതപരിഹരിക്കലുമാണ് നടന്നുവരുന്നത്. എല്ലാവർഷങ്ങിളിലും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രോജക്ട് നടപ്പിലാക്കുന്നു. ഇപ്രകാരമുള്ള എല്ലാ ഉപകരണങ്ങളും സർക്കാർ നിഷ്കർഷിച്ചുള്ള ഫോർമാറ്റിൽ തയ്യാരാക്കിയിട്ടുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി, സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക (രൂപ) | ഗ്രാമപ്പഞ്ചായത്തിന്റെ പേര് |
|---|---|---|---|
| 1 | 79/20<br>അങ്കണവാടി പൂരക പോഷകാഹാരം ഗ്രാമപ്പഞ്ചായത്തിന് വിഹിതം നൽകൽ | 9,72,000/- (51/30.08.2019)<br>(5,97,000/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) | പട്ടാഴി – 1,75,000/-രൂപ<br>പട്ടാഴി വടക്കേക്കര – 1,75,000/- രൂപ<br>പിറവന്തൂർ – 2,00,000/- രൂപ<br>വിളക്കുടി – 1,75,000/- രൂപ<br>തലവൂർ – 75,000/- രൂപ<br>പത്തനാപുരം – 1,72,000/- രൂപ |
| 2 | 80/20<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,56,000/- (82/30.09.2019)<br>(1,88,000/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) | പട്ടാഴി – 90,000/- രൂപ<br>പട്ടാഴി വടക്കേക്കര – 90,000/- രൂപ<br>പിറവന്തൂർ – 94,000/- രൂപ<br>വിളക്കുടി – 94,000/- രൂപ<br>തലവൂർ – 94,000/- രൂപ<br>പത്തനാപുരം – 94,000/- രൂപ |

പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 7,85,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതു്.

ഓഡിറ്റ് എൻക്വയറി നം. 05എ/26.2.22

തടസ്സപ്പെടുത്തുന്ന തുക – 7,85,000/- രൂപ

**1-13 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ - രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല**

ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ നൽകുന്നതിന് ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 13,60,000/- (9/08.05.2019) രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 50,000/- (120018779793/18.1.2020) രൂപയും ഗ്രാമപ്പഞ്ചായത്ത് വിഹിതമായി 2,00,000/- (320029510092/29.1.2020) രൂപയും ഉൾപ്പെടെ ആകെ 16,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ദിയ മോട്ടോഴ്സ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാഹനം വാങ്ങിയിരിക്കുന്നത് (@Rs.7000/Triscooter). പദ്ധതിയിൽ ഉൾപ്പെടുത്തി 23 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം ആനുകൂല്യം നൽകിയവർ വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സൈഡ് വീൽ ഘടിപ്പിച്ച വാഹനം ഓടിക്കുന്നതിന് സാധിക്കും എന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയവരെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയതെങ്കിലും അനുവദിക്കപ്പെട്ട വാഹനം 'Invalid Carriage' എന്ന തരത്തിൽ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അനുവദിക്കപ്പെട്ട വാഹനം ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുന്നതിനായി വാഹനം രജിസ്റ്റർ ചെയ്ത രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. – 08/26.02.2022

**1-14 പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 19,41,087/- രൂപ തടസ്സപ്പെടുത്തുന്നു.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് | സ്ഥാപനം | തുക (രൂപ) | ബിൽ നം/തീയതി |
|---|---|---|---|---|
| 1 | വെട്ടിയറ ഏറത്തുർ ഏലാ റോഡ് (51/ 20) | പട്ടാഴി ഗ്രാമ പഞ്ചായത്ത് | 1,00,000/- | 1/ 19-20, 29-04-19 |
| 2 | ക്രിമിറ്റോറിയത്തിന് വിഹിതം നല്കൽ (132/ 20) | വിളക്കുടി ഗ്രാ.മ പഞ്ചായത്ത് | 9,41,087/- | 2/ 19-20, 29-04-19 |
| 3 | സാമൂഹ്യ സുരക്ഷാമിഷ്യ,ന് വിഹിതം നല്കൽ (118/ 20) | ഡയറക്ടർ, സാമൂഹ്യ സുരക്ഷാമിഷൻ | 5,00,000/- | 23/ 19-20, 22-11-19 |
| 4 | കുരാംകോട് കെഐപി കനാൽറോഡ് (18/ 20) | വിളക്കുടി ഗ്രാമ പഞ്ചായത്ത് | 4,00,000/- | 21/ 19-20, 30-10-19 |
| | | ആകെ | 19,41,087/- | |

പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 19,41,087/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 06/26.2.2022

തടസ്സപ്പെടുത്തുന്ന തുക – 19,41,087/- രൂപ

**1-15 സഞ്ചരിക്കുന്ന മൃഗാശുപത്രി-മരുന്നു വാങ്ങുന്നതിന് കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല- 1,31,701/- രൂപയുടെ നഷ്ടം**

പ്രോജക്റ്റ് നം. SO114/20

അടങ്കൽ - 6,00,030/- രൂപ

ചെലവ് - 5,85,963/- രൂപ

( 3,44,493/-രൂപ, 1/19-20/20.1.20

5,850/-രൂപ, 2/19-20/31.1.20

1,45,507/-രൂപ, 3/19-20/13.3.20

25,360/-രൂപ, 4/19-20/31.1.20

32,315/-രൂപ, 5/19-20/24.2.20

6,900/-രൂപ, 6/19-20/24.2.20

25,538/-രൂപ, 7/19-20/12.3.20)

2019-20 സാമ്പത്തികവർഷം സീനിയർ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പ്രോജക്റ്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക ക്വോട്ടു ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയയിനത്തിൽ തുക അധികം ചെലവഴിച്ചു. (ഖ. 3-1 കാണുക)

1-16 മുൻകൂർ ക്രമീകരിച്ചില്ല

2019 20 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധിച്ചതിൽ അഡ്വാൻസ് തുക കൈപ്പറ്റി ചെലവഴിച്ചത് ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | ചെലവ് | തുക (രൂപ) |
|---|---|---|
| 12/19-20<br>4.02.20 | പതിമൂന്നാം പഞ്ചവത്സര പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് സഭയുടെ ചെലവിലേക്കായി | 17,600 /- |
| A3276/20<br>14.02.20 | 2020-21 വാർഷിക പദ്ധതി ആസൂത്രണം- വികസനസെമിനാർ | 20,500/- |
| 7/19-20 7/1/20 | ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും (1,59,895/- രൂപ ചെലവഴിച്ചിട്ടുണ്ട്, 48,500/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളു) | 1,11,395/- |
| ആകെ | | 1,49,495/- |

അഡ്വാൻസായി ചെലവുകൾക്ക് കൈമാറുന്ന തുക അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ മേൽ തുകകളുടെ ചെലവുകൾ സംബന്ധമായി സബ് വൗച്ചറുകൾ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കി ക്രമീകരിച്ച് വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. ചെലവു സ്റ്റേറ്റ്മെന്റ് മാത്രം ഹാജരാക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. ചെലവിന്റെ വിശദമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 1,49,495/-രൂപ തടസ്സപ്പെടുത്തുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ റൂൾ 32 പ്രകാരം നിർദ്ദിഷ്ട കാലാവധിക്കകം മുൻകൂർ തിക രേഖകൾ സമർപ്പിച്ച് അഡ്ജസ്റ്റ് ചെയ്യാതിരിക്കുകയോ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടപ്പിക്കാനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9/26.02.2022

തടസ്സപ്പെടുത്തുന്ന തുക – 1,49,495/- രൂപ

1-17 ലൈഫ് ഭവനനിർമ്മാണ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കി

| ക്രമ നം | പ്രോജക്ട് | അടങ്കൽ തുക (രൂപ) | ഫണ്ടിനം |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ (ജനറൽ 7/20) | 1,05,31200 | വികസനഫണ്ട് (പൊതുവിഭാഗം) |
| 2 | ബ്ലോക്ക് പഞ്ചായത്ത് ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ പട്ടികജാതി വിഭാഗം 8/20) | 53,72,800 | വികസനഫണ്ട് (എസ്.സി.പി) |
| 3 | ബ്ലോക്ക് പഞ്ചായത്ത് ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ പട്ടികവർഗ വിഭാഗം 9/20) | 7,32,000 | വികസനഫണ്ട് (ടി.എസ്.പി) |

ടി പ്രോജക്ടുകളുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കും പ്രകാരം തുകകൾ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്

| പ്രോജക്ട് നമ്പർ | തുക കൈപ്പറ്റിയ പഞ്ചായത്ത് | തുക (രൂപ) | ബിൽ നമ്പർ |
|---|---|---|---|
| 7/20 | പട്ടാഴി | 5,36,315 | 14,02-09-2019 |
| | പട്ടാഴി വടക്കേക്കര | 3,03,910 | 16,02-09-2019 |
| | പിറവന്തൂർ | 7,43,935 | 16,02-09-2019 |
| | വിളക്കുടി | 2,24,301 | 16,02-09-2019 |
| | തലവൂർ | 1,51,396 | 16,02-09-2019 |
| | പട്ടാഴി | 7,73,743 | 16,02-09-2019 |
| | പിറവന്തൂർ | 21,16,400 | 9, 02-09-2019 |
| | തലവൂർ | 13,00,000 | 12, 02-09-2019 |
| | വിളക്കുടി | 2,35,0000 | 08, 02-09-2019 |
| | (പേര് ലഭ്യമല്ല) | 1100000 | 13, 02-09-2019 |
| | ആകെ | 9600000 | |
| 8/20 | പട്ടാഴി വടക്കേക്കര | 2,60,465 | 15,05-09-2019 |
| | പട്ടാഴി വടക്കേക്കര | 2,39,535 | 20,,10-2019 |
| | വിളക്കുടി | 3,90,697 | 20,,10-2019 |
| | പട്ടാഴി | 1,30,232 | 20,,10-2019 |
| | പിറവന്തൂർ | 8,00,000 | 25,27-11-2019 |
| | (പേര് ലഭ്യമല്ല) | 200000 | സാധ്യ വൗച്ചർ നം. 119010100504, 30-03-20 |
| | (പേര് ലഭ്യമല്ല) | 200000 | 119010100505,30-03-20 |
| | (പേര് ലഭ്യമല്ല) | 69,768 | 119010100506,30-03-20 |
| | ആകെ | 22,90,697 | |
| 8/20 | പിറവന്തൂർ | 400000 | 24,27-11-2019 |
| | (പേര് ലഭ്യമല്ല) | 1,60,000 | 119010100331,22-02-21 |
| | ആകെ | 5,60,000 | |
| | ആകെ മൊത്തം | 1,24,50,697 | |

ടി 3 പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൽക്ക് നല്കിയിട്ടുള്ള 1,24,50,697/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആതിനാൽ ചെലവഴിച്ച 1,24,50,697/-

രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം-1,24,50,697/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സഞ്ചരിക്കുന്ന മൃഗാശുപത്രി-മരുന്നു വാങ്ങുന്നതിന് കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല- 1,31,701/-രൂപയുടെ നഷ്ടം

പ്രോജക്ട് നം. SO114/20

അടങ്കൽ - 6,00,030/- രൂപ

ചെലവ്- 5,85,963/- രൂപ

( 3,44,493/-രൂപ, 1/19-20/20.1.20

5,850/-രൂപ, 2/19-20/31.1.20

1,45,507/-രൂപ, 3/19-20/13.3.20

25,360/-രൂപ, 4/19-20/31.1.20

32,315/-രൂപ, 5/19-20/24.2.20

6,900/-രൂപ, 6/19-20/24.2.20

25,538/-രൂപ, 7/19-20/12.3.20)

2019-20 സാമ്പത്തികവർഷം സീനിയർ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക ക്വോട്ടു ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയയിനത്തിൽ തുക അധികം ചെലവഴിച്ചു.

ബ്ലോക്കിലെ രജിസ്റ്റർ ചെയ്ത ക്ഷീരസംഘങ്ങളിലെ കർഷകർക്ക് സേവനം ലഭ്യമാക്കുക,മാസത്തിലൊരിക്കൽ ക്ഷീരസംഘങ്ങളിൽ ക്യാമ്പുകൾ നടത്തുകയും 100 രൂപയിൽ താഴെയുള്ള മരുന്നുകൾ സൌജന്യമായി നൽകുകയും അതിനുമുകളിൽ 50% സബ്സിഡി നിരക്കിൽ മരുന്നുകൾ നൽകുന്നതുമായിരുന്നു പ്രോജക്ട് ലക്ഷ്യം. മരുന്നു വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളിൽ കളീയ്ക്കൽ ഏജൻസീസ്, കൊട്ടാരക്കര എന്ന സ്ഥാപനത്തിന്റെയും കോഴിക്കോട് നെക്റ്റർ ലാബ് അസ്സോസ്സിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെയും ടെണ്ടറുകൾ 16.1.2019 ലെ 1(2) നം.തീരുമാനപ്രകാരം അംഗീകരിച്ചു.എന്നാൽ നൈസ്സ് വെറ്റിനറി അസ്സോസ്സിയേറ്റ്സ്, നിലമേൽ എന്ന സ്ഥാപനം വിവിധ മരുന്നുകൾക്ക് കുറഞ്ഞ നിരക്ക ക്വോട്ടു ചെയ്തിരുന്നുവെങ്കിലും ആയത് അംഗീകരിക്കാതെ കൂടിയ നിരക്കിലുള്ള മരുന്നുകൾ വാങ്ങി. വാങ്ങിയ മരുന്നുകളുടേയും അംഗീകരിച്ചതും കുറഞ്ഞ നിരക്ക് എന്നിവയുടെ വിവരം ചുവടെക്കൊടുക്കുന്നു.

| മരുന്നിന്റെ പേര് | വാങ്ങിയ എണ്ണം | അംഗീകരിച്ച നിരക്ക് (രൂപ) | നൽകിയ തുക (രൂപ) | കുറഞ്ഞ നിരക്ക്/നൽകേണ്ട | നഷ്ടം (രൂപ) |
|---|---|---|---|---|---|

| | | | | തുക (രൂപ) | |
|---|---|---|---|---|---|
| Micronised Albendazole | 355 | 42 | 14,910 | 19.08/ 6,773.4 | 8,137 |
| Ointment With Gama BHC&Proflavin | 400 | 53.95 | 19,268 | 45/ 18,000 | 1,268 |
| Analgesic,Antipyretic Bolus With Meloxican &Paracetamol | 250 | 20.55 | 5,137.5 | 18.99/ 4,747.5 | 390 |
| Multivitamin Supplement With Biotin ,Monolauric Acid | 60 | 180.90 | 10,854 | 45/ 2,700 | 8,154 |
| Liquid Calcium Supplement With Chelated Minerals& Vitamin D3 With Bioactive Peptides | 1155 | 141.50 | 1,63,432.5 | 79.90/ 92,284.5 | 71,148 |
| Vitamin A-D3E B12 Oral Supplement | 1085 | 73.4 | 79,639 | 42/ 45,570 | 34,069 |
| Glucogenic Precursor With Nicotinamide | 70 | 433.90 | 21,695 | 188/ 13,160 | 8,535 |
| ആകെ | | | | | 1,31,701/- |

മേൽപ്രകാരം കുറഞ്ഞനിരക്ക ക്വോട്ടുചെയ്ത നൈസ്സ് അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതിരുന്നതുമൂലം 1,31,701/- രൂപയുടെ നഷ്ടം ഉണ്ടായി. മതിയായ കാരണമില്ലാതെ ടി സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ടെണ്ടർസ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളല്ല നൽകിയതെന്ന മറുപടി ലഭ്യമാക്കി. എന്നാൽ മരുന്നിന്റെ ബ്രാന്റിലുള്ള വ്യത്യാസം മാത്രമാണുള്ളത്. ആയതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല.ടിയിനത്തിൽ അധികം ചെലവഴിച്ച 1,31,701/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക - 1,31,701/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജൻ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 23.02.2022 | കെ.എസ്.എ./കെ.എൽ.എം./പി9/334/2022 തീയതി - 03.07.2022 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2019-20 | 1,97,355/- | വയോജന സാംസ്കാരിക കെട്ടിടം വിളക്കുടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കൽ ( 140/20) | 1,67,986/- | 3,65,341/- |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,31,701/- | ഡോ. ആശക് പി. പി, അസി. പ്രോജക്ട് ഓഫീസർ, വെറ്റിനറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 65,237/- | ശ്രീമതി. കൃഷ്ണ. എസ്. ആർ, സി.ഡി.പി.ഒ |
| 1-12 | 7,85,000/- | ശ്രീമതി. കൃഷ്ണ. എസ്. ആർ, സി.ഡി.പി.ഒ |
| 1-14 | 19,41,087/- | 1041087/-ശ്രീ. സുദാസ്. ആർ, സെക്രട്ടറി |
| | | 900000/- ശ്രീമതി. രമ്യ.സി, സെക്രട്ടറി |
| 1-16 | 1,49,495/- | ശ്രീമതി. രമ്യ.സി, സെക്രട്ടറി |
| 1-17 | 1,24,50,697/- | ശ്രീമതി. രമ്യ.സി, സെക്രട്ടറി |
| ആകെ | 39,99,329/- | |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കൃഷ്ണ. എസ്. ആർ, സി.ഡി.പി.ഒ | ഐ.സി.ഡി.എസ്, അതിയന്നൂർ | ഹൗസ് നം-49, പാണവിളാകത്ത് ഹൗസ്, റ്റി.സി 15/1088, വ്യാസനഗർ, പരുത്തിപ്പാറ, തിരുവനന്തപുരം |
| ശ്രീ. സുദാസ്. ആർ, സെക്രട്ടറി | വിരമിച്ചു | സൗപർണ്ണിക, ഇടയം പി.ഒ, വാളകം |
| ശ്രീമതി. രമ്യ. സി, സെക്രട്ടറി | ബി ഡി ഒ, ചിറ്റുമല | രാമകൃഷ്ണനിലയം, കാഞ്ഞാവള്ളി, കൊല്ലം |
| ഡോ. ആശക് പി. പി അസി. പ്രോജക്റ്റ് ഓഫീസർ, വെറ്റിനറി | പ്രോജക്റ്റ് ഓഫീസർ, ATMA കാസർഗോഡ് | രോഹിണി കൃഷ്ണമേനോൻ ഹൗസിംഗ് കോംപ്ലക്സ്, പള്ളിക്കുന്ന്, കണ്ണൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി-9/103/18(8)/06-03-2018 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി-9/103/18(9)/06-03-2018 | 8 |
| 2006-07 | എൽ.എഫ്.ക്യൂ-ഡി.ബി-1549(5)/14തീയതി 10-07-2014 | 10 |
| 2007-08 | എൽ.എഫ്.ക്യൂ-ഡി.ബി-1549(4)/14തീയതി 10-07-2014 | 6 |
| 2008-09 | എൽ.എഫ്.ക്യൂ-ഡി.ബി-1549(3)/14തീയതി 10-07-2014 | 8 |
| 2009-10 | എൽ.എഫ്.ക്യൂ-ഡി.ബി-1549(2)/14തീയതി 10-07-2014 | 7 |
| 2010-11 | എൽ.എഫ്.ക്യൂ-ഡി.ബി-1549(1)/14തീയതി 10-07-2014 | 13 |
| 2011-12 | എൽ.എഫ്.ക്യൂ-ഡി.ബി-814/13തീയതി 14-02-2014 | 10 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ-ഡി.ബി-2243/14തീയതി 23-05-2015 | 18 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.എൽ.എം-ഡി.ബി-683/2017 തീയതി-11-05-2017 | 2 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി-9/1254/2017/17-11-2017 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി-9/1928/2018/24-01-2019 | 8 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി-9/1092/2020/19.02.2021 | 13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രിക-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.